മലയാളത്തിന്റെ
പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ**
**പൊയ്ത്തുംകടവ്**
നിങ്ങളുമായി
സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം



ഒരു നല്ല ക്ലാസ് ലീഡറിന് വേണ്ട ഗുണങ്ങൾ പറഞ്ഞു തരാമോ ശിഹാബ്ക്കാ..?

**അംന അനാൻ. എം. എം,**
**ക്ലാസ് 8, എഫ്. എം. സി. ടി.**
**എച്ച്. എസ്, കരുമല്ലൂർ**

ക്ഷമ, കാരുണ്യം, ബുദ്ധി, ഹൃദയവിശാലത, കാലത്തിനു മുമ്പേ ചിന്തിക്കാനുള്ള കഴിവ്, സ്ഥൈര്യം തുടങ്ങിയ ഗുണങ്ങളൊക്കെ ഉണ്ടായിരിക്കണം ഒരു ലീഡറിന്. ലീഡർ എന്നാൽ നേതാവ് എന്നാണല്ലോ അർത്ഥമാക്കുന്നത്.

ഒരു നേതാവ് മാതൃകാ വ്യക്തിയായിരിക്കണം. നയിക്കുന്നവനാണ് നേതാവ്. അല്ലാതെ അണികളുടെ വികാര സ്വഭാവത്തെ ചൂഷണം ചെയ്യുന്നവനായിരിക്കരുത്. ഭാവിയിൽ നേതൃത്വ പ്രതിഭ ആവേണ്ട ആളാണ് ഒരു ക്ലാസ് ലീഡർ.

ഇനി ശിഹാബ്ക്കയുടെ ക്ലാസ് ലീഡർ സങ്കൽപം പറയാം.

1. ലീഡർ സ്കൂളിൽ എപ്പോഴും അഞ്ച് മിനുട്ട് നേരത്തെ വരണം.

2. ക്ലാസിന്റെ വൃത്തി, വെടിപ്പ് ഇവയിൽ ശ്രദ്ധ വേണം.

3. എല്ലാവരെയും സ്നേഹിക്കാനും ഉൾക്കൊള്ളാനും കഴിവ് ഉണ്ടാവണം.

4. ക്ലാസിലെ പാഠങ്ങൾക്കും പാഠ്യേതര വിഷയങ്ങൾക്കും വേണ്ടി പല കാര്യങ്ങളും ചെയ്യാനാവണം.

5. ക്ലാസിലെ നിർധനരായ കുട്ടികളെ സഹായിക്കാനും ശ്രദ്ധിക്കാനും ലീഡർക്കാകണം.

ഈ അടുത്ത കാലത്ത് വന്ന ഒരു പത്രവാർത്ത വായിച്ച് ശിഹാബ്ക്കാക്ക് വലിയ സന്തോഷം തോന്നി. എന്താണ് വാർത്തയെന്നല്ലേ? പ്രളയത്തിൽ വീട് തകർന്ന ഒരു കുട്ടിക്ക് അവൻ പഠിക്കുന്ന സ്കൂളിലെ കുട്ടികളെല്ലാം ചേർന്ന് ചെറിയ ഒരു വീടെടുത്തു കൊടുത്തു. സത്യത്തിൽ ആ വാർത്തയുടെ സന്തോഷം ഇലപ്പാഴും ശിഹാബ്ക്കയെ വിട്ടു പോയിട്ടില്ല. നന്മകളോളം സന്തോഷകരമായി ഈ ലോകത്ത് യാതൊന്നുമില്ല കുട്ടികളേ...

നമ്മുടെ മിക്കവാറും സ്കൂളുകളിൽ ക്ലാസ് ലീഡർമാരും സ്കൂൾ ലീഡർമാരുമുണ്ട്. പക്ഷേ, ഒട്ടുമിക്ക സ്കൂളിലും രാഷ്ട്രീയ വിദ്യാർത്ഥി സംഘടനകൾ ആ സംവിധാനത്തിന്റെ ലക്ഷ്യത്തെ മറന്ന് പലതും കാട്ടിക്കൂട്ടുകയാണ്. മറ്റ് വിദ്യാർത്ഥി സംഘടനകളിലുള്ളവരോട് വെറുപ്പോടെയും വാശിയോടെയും പെരുമാറുക, അടിപിടി ആക്രമങ്ങൾ നടത്തി ഒന്നിച്ച് പഠിക്കുന്നവരെ തന്നെ ആക്രമിക്കുക.... ഇതൊക്കെയാണ് സ്ഥിരം കലാപരിപാടികൾ. ഇതല്ല ലീഡർഷിപ്പ്. തെറ്റായ മാതൃകയാണ് പലപ്പോഴും കക്ഷിരാഷ്ട്രീയ വിദ്യാർത്ഥി സംഘടനകളും അവരുടെ സംഘട്ടനങ്ങളും നമുക്ക് കാണിച്ചുതരുന്നത്.

ഈ വിഷയത്തിൽ

▸▸ ഇന്ത്യ സ്വതന്ത്രമാവുമ്പോൾ ഏറ്റവും കൂടുതൽ ജനസംഖ്യ ഉണ്ടായിരുന്ന നാട്ടുരാജ്യം– ഹൈദരാബാദ്

കൂടുതൽ കാര്യങ്ങൾ മറ്റൊരിക്കൽ നമുക്ക് ആലോചിക്കാം.

> ശിഹാബ്ക്കാ, ഞങ്ങൾ സ്കൂളിലേക്ക് ബസിൽ പോകുമ്പോൾ കണ്ടക്ടർമാരൊക്കെ ഞങ്ങളോട് ശത്രുക്കളെ പോലെയാണ് പെരുമാറുന്നത്. കുട്ടികളാണെന്ന ഒരു പരിഗണനയും തരാതെ എപ്പോഴും ചീത്ത വിളിക്കും. അവരെ ഉപദേശിക്കാമോ ശിഹാബ്ക്കാ...
>
> **അൽത്താഫ്**
> **ക്ലാസ് 9, മങ്കട**

പ്രിയപ്പെട്ട അൽത്താഫേ,

വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അൽത്താഫ് പറഞ്ഞത്. നിയമപരമായും മനഃസാക്ഷിപരമായും വളരെ തെറ്റായ പ്രവൃത്തിയാണിത്. പലപ്പോഴും കുട്ടികളെ ഇങ്ങനെ നിന്ദിക്കുന്നത് ശിഹാബ്ക്ക തന്നെ നേരിട്ട് കണ്ടിട്ട് സങ്കടപ്പെട്ടിട്ടുണ്ട്. കണ്ടക്ടർമാരോട് ഇങ്ങനെ ചെയ്യുന്നത് തെറ്റാണെന്ന് പറഞ്ഞിട്ടുമുണ്ട്. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ. കുട്ടികളെ ഇങ്ങനെ അപമാനിച്ചാൽ വരും തലമുറ ചീത്തയാവും. പ്രധാനമായും ബസ്സിൽ യാത്ര ചെയ്യുന്ന മുതിർന്നവർ ഇതെല്ലാം കണ്ടിട്ടും മിണ്ടാതിരിക്കുന്നതാണ് കണ്ടക്ടർമാരുടെ ഈ ദുഷിച്ച സ്വഭാവത്തിന് വളം വെച്ചു കൊടുക്കുന്നത്. വിദ്യാർത്ഥികളുടെ കൺസെഷൻ ഒരു കണ്ടക്ടറുടെയും ഔദാര്യമല്ല. സർക്കാർ നിയമമാണത്. കുട്ടികളുടെ അവകാശമാണത്. കുട്ടികൾ ശത്രുക്കളല്ല, സ്നേഹിതരാണ്. ഈ ബോധമുള്ള കണ്ടക്ടർമാർ ആയിരത്തിൽ അഞ്ചേ കാണൂ.

ഇനി കണ്ടക്ടർമാരുടെ പക്ഷത്ത് നിന്നുള്ള കാരണമെന്താണെന്ന് നോക്കാം. മുഴുവൻ പൈസയും കൊടുത്തിട്ട് യാത്ര ചെയ്യുന്നവർ ബസ്സിൽ സീറ്റ് ഒഴിവില്ലെങ്കിൽ കയറില്ല എന്ന തോന്നലാണ് ഈ ശത്രുതാ മനോഭാവത്തിന്റെ വേവലാതി. ചെറിയ തോതിൽ അതിലൊരു ന്യായവുമുണ്ട്. കുട്ടികളായ നിങ്ങളും ഇക്കാര്യം ഓർത്ത് ബസ് കണ്ടക്ടറുമായി സഹകരിക്കണം. നിങ്ങളുടെ സഹകരണം ഒരു കണ്ടക്ടർമാരുടെയും അവകാശമല്ല എങ്കിലും.

വളരെ മോശമായി പെരുമാറുന്ന കണ്ടക്ടർമാർക്കെതിരെ പോലീസിൽ പരാതിപ്പെടാവുന്നതാണ്. സ്കൂൾ അധികൃതരുടെ ശ്രദ്ധയിലും ഇക്കാര്യം നിങ്ങൾ അറിയിക്കണം. കൂടാതെ നിങ്ങളുടെ രക്ഷിതാക്കളോടും പറയണം.

> നാട്ടിൽ മൊത്തം പ്രശ്നങ്ങളാണല്ലോ ശിഹാബ്ക്കാ. സ്വന്തം ജനങ്ങളെ വെടിവെച്ചുകൊല്ലാൻ എങ്ങനെയാണ് ഒരു ഭരണാധികാരിക്ക് തോന്നുന്നത്?! നൻമയില്ലാത്ത മനുഷ്യരെ എന്തുകൊണ്ടാണ് ആളുകൾ തെരഞ്ഞെടുപ്പിൽ ജയിപ്പിക്കുന്നത്..?
>
> **ഫിദ ഫിറോസ്**
> **ക്ലാസ് 10**
> **കരുനാഗപ്പള്ളി**

ഏത് രാജ്യത്തെയും ചീത്ത ഭരണാധികാരികൾ ഏറ്റവും വലിയ തെറ്റുകൾ ചെയ്യുന്നത് സ്വന്തം പ്രജകളോടായിരിക്കും. എന്തായാലും ഇതെല്ലാം ഓർത്ത് ഫിദ പരിഭ്രമിക്കുകയൊന്നും വേണ്ട.

നന്മ മാത്രമാണ് ആത്യന്തികമായി വിജയിക്കുക.

•



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ഇന്ത്യയുടെ കത്തീഡ്രൽ സിറ്റി എന്നറിയപ്പെടുന്നത്- ഭുവനേശ്വർ